# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6384 — 8.7.2014-ൽ മറുപടിയ്ക്ക്

### വനം വച്ചു പിടിപ്പിക്കൽ കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) അമേരിക്ക ആസ്ഥാനമായുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പരിസ്ഥിതി സംഘടനയുമായി സഹകരിച്ച് വനം വച്ച് പിടിപ്പിക്കാൻ സംയുക്ത കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; | എ) അമേരിക്ക ആസ്ഥാനമായുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പരിസ്ഥിതി സംഘടനയുമായി സഹകരിച്ച് വനം വച്ച് പിടിപ്പിക്കാൻ സംയുക്ത കരാറിൽ വന്യജീവി വിഭാഗം ഏർപ്പെട്ടിട്ടില്ല. |
| ബി) ഇതിനായി എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; ഇതിൽ സർക്കാരിന്റെ ചെലവ് എത്രയാണ് ; | ബി) ഉത്തരം എ യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| സി) ചിന്നാർ മുതൽ ചക്കുപള്ളം വരെയുള്ള 150 ചതുരശ്ര കി.മി. പ്രദേശത്ത് നടപ്പി | സി) പശ്ചിമ ഘട്ടത്തിലെ മൂന്നാർ ഭൂവിഭാഗത്തിന്റെ കാർഷിക വന ജൈവ വൈവിദ്ധ്യ മേഖലയുടെ പരിപോഷണവും |

ലാക്കുന്ന പ്രസ്തുത പദ്ധതിയുടെ

വിശദാംശം നൽകുമോ?

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിക്ക് (Mountain Landscape Project in High Ranges of Western Ghats, Munnar) ഐക്യ രാഷ്ട്ര സംഘടനയുടെ ഘടക സംഘടനയായ യുണൈറ്റഡ് നാഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി) രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി അന്തർ ദേശീയ പരിസ്ഥിതി വികസന നിധിയായ GEF ൽ നിന്നും 7 ദശലക്ഷം യു.എസ് ഡോളറിന്റെ ഗ്രാന്റ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ